(ബി) കുളപ്പുള്ളി പട്ടാമ്പി പാതയിലെ പട്ടാമ്പി ടൗണിലെ ഒന്നര കിലോമീറ്റർ ദൂരം നന്നാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഇത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ പുരോഗതിയിലാണ്. കൂടാതെ അപ്ഗ്രഡേഷൻ പ്രവർത്തികൾക്കുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആ പ്രവർത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

(ബി & സി) പ്രസ്തുത റോഡിൽ വീതി കൂട്ടലും ഉപരിതലം പുതുക്കലും ഇപ്പോൾ പുരോഗതിയിലാണ്. ഇതിനുപുറമേ BMBC കൂടി ചെയ്യാൻ 150 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറിൽനിന്നും (നിരത്തുകളും പാലങ്ങളും) ലഭിച്ചിട്ടുണ്ട്. അയത് പരിശോധിച്ചു വരുന്നു.

അക്കിക്കാവ്-കടങ്ങോട് റോഡ് അറ്റകുറ്റപ്പണികൾ നടത്താൻ നടപടി

233 (830) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ല-കുന്നംകുളം പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയരുടെ കീഴിൽ വരുന്ന അക്കിക്കാവ്-കടങ്ങോട് റോഡ് തകർന്ന് സഞ്ചാരയോഗ്യമല്ലാതെയായിത്തീർന്നത് ശ്രദ്ധൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് അടിയന്തരമായി അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി & സി) അക്കിക്കാവ് കടങ്ങോട് റോഡിന്റെ 100 ലക്ഷം രൂപയ്ക്കുള്ള പ്രവൃത്തിക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly